(2) കോട്ടയം ജില്ലയിലെ പി. എസ്. സി. എൽ. ഡി. ക്ളാർക്ക് റാങ്ക് ലിസ്റ്റ് സംബന്ധിച്ച്

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, എനിക്ക് പറയാനുള്ളത് ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളുടെ പ്രശ്നമാണ്. പി.എസ്.സി. പരീക്ഷയുടെ ചോദ്യപേപ്പർ തിരുവനന്തപുരത്തും കൊല്ലത്തും ചോർന്നതിനെ തുടർന്ന് വിജിലൻസ് അന്വേഷിച്ച് ആ ലിസ്റ്റ് ക്യാൻസൽ ചെയ്തു. എന്റെ മണ്ഡലത്തിലെ പരവൂരിൽ ഒരു വീട്ടിൽ നാലു പേരാണ് ആ ലിസ്റ്റിൽ കടന്നുകൂടിയത്. നാലുപേരും ഡി.വൈ.എഫ്.ഐ. പ്രവർത്തകരാണ്. എനിക്ക് ഇപ്പോൾ പറയാനുള്ളത്, കോട്ടയത്തും കണ്ണൂരും ലോവർ ഡിവിഷൻ ക്ളാർക്ക് പരീക്ഷാ ചോദ്യപേപ്പർ ചോർന്നതായി പത്രവാർത്ത വന്നു. അതിനെത്തുടർന്ന് ക്രൈം ബ്രാഞ്ച് കേസ്സെടുത്ത് കോട്ടയം പി.എസ്.സി. ഓഫീസിലെ ഒരു ഉദ്യോഗസ്ഥന് പങ്കുണ്ടെന്ന് കണ്ടെത്തുകയും ചെയ്തു. പക്ഷേ അയാൾ ദുരൂഹ സാഹചര്യത്തിൽ മരിച്ചു. അതിനെത്തുടർന്ന് ലിസ്റ്റ് ക്യാൻസൽ ചെയ്തിട്ടില്ല എന്നു മാത്രമല്ല ആ ലിസ്റ്റിൽനിന്ന് 125 പേർക്ക് അഡ്വൈസ് മെമ്മോ അയച്ചിരിക്കുകയാണ്. അതുപോലെ കണ്ണൂർ ജില്ലയിലും ചോദ്യപേപ്പർ ചോർന്നതായി വാർത്ത വന്നിരുന്നു. ഇന്നലെ ദീപിക, കൗമുദി, തുടങ്ങിയുള്ള പത്രങ്ങളിൽ സി.പി.എം. ഇടപെട്ട് ഇക്കാര്യം ഒതുക്കി തീർക്കുവാൻ ശ്രമിക്കുന്നുവെന്ന് വാർത്ത വന്നു. ഇക്കാര്യത്തെ കുറിച്ച് സമഗ്രമായി ഒരു അന്വേഷണം നടത്തണമെന്നും സംശയമുള്ള ലിസ്റ്റുകൾ ക്യാൻസൽ ചെയ്യണമെന്നുമാണ് എന്റെ ആവശ്യം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): കോട്ടയം ജില്ലയിൽ ലോവർ ഡിവിഷൻ ക്ളാർക്ക് തസ്തികയിലേയ്ക്ക് നടത്തിയ പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായി ആരോപിച്ചുകൊണ്ട് പി.എസ്.സി.-യ്ക്ക് ലഭിച്ച പരാതികൾ പി.എസ്.സി.യുടെ വിജിലൻസ് വിഭാഗം അന്വേഷിച്ച് ആരോപണം അടിസ്ഥാനരഹിതമാണെന്നതിന്റെ വെളിച്ചത്തിൽ 30-12-2003-ൽ പ്രസിദ്ധീകരിച്ച പ്രസ്തുത ലിസ്റ്റിൽ നിന്നും 21-6-2004-ന് നിയമന ശുപാർശകൾ നല്കിയിട്ടുള്ളതാണെന്നാണ് പി.എസ്.സി.അറിയിച്ചിരിക്കുന്നത്. ഈ വിഷയത്തിൽ ആരോപണം ഉന്നയിച്ച ഏതാനും ഉദ്യോഗാർത്ഥികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചുവെങ്കിലും കോടതി പരാതി തള്ളിക്കളഞ്ഞതായും പി.എസ്.സി. അറിയിച്ചിട്ടുണ്ട്. എന്നാൽ പോലീസിലെ ക്രൈംബ്രാഞ്ച്, സ്പെഷ്യൽ ബ്രാഞ്ച് വിഭാഗങ്ങൾ വിഭിന്നമായ വിവരമാണ് നല്കിയിട്ടുള്ളത്. കോട്ടയം ജില്ലയിൽ ലോവർ ഡിവിഷൻ ക്ളാർക്ക് പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതിനെ സംബന്ധിച്ച് ക്രൈം ബ്രാഞ്ച് വിഭാഗത്തിൽ ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തുകയും 27-9-2003-ൽ നടത്തിയ പരീക്ഷയുടെ ചോദ്യപേപ്പറുകൾ കോട്ടയം പി.എസ്.സി. ഓഫീസിലെ പ്യൂൺ തോമസ്, പുതുപറമ്പിൽ കുട്ടൻ മകൻ ബാബു എന്നിവർ ചോർത്തുകയും, അന്ന് പരീക്ഷയ്ക്ക് പങ്കെടുത്ത നിരവധി ഉദ്യോഗാർത്ഥികളിൽനിന്ന് വൻ തുക പ്രതിഫലം പറ്റിക്കൊണ്ട് അതിന്റെ കോപ്പികൾ വിതരണം നടത്തിയതായും കണ്ടെത്തി. അതനുസരിച്ച് തോമസിനും ബാബുവിനുമെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പുരോഗമിച്ചു വരുന്നു. അതിനിടെ പി.എസ്.സി. ഓഫീസ് പ്യൂൺ ശ്രീ. തോമസ് 7-4-2004-ൽ മങ്ങാനത്തുള്ള കള്ളുഷാപ്പിൽവച്ച് ആത്മഹത്യ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ക്രൈം ബ്രാഞ്ച് വിഭാഗത്തിന്റെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 30-12-2003-ൽ പ്രസിദ്ധീകരിച്ച ലോവർ ഡിവിഷൻ ക്ലാർക്ക് റാങ്ക് ലിസ്റ്റ് കാൻസൽ ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ക്രൈം ബ്രാഞ്ച് പി.എസ്.സി. ചെയർമാന് നേരിട്ട് കത്തെഴുതിയിട്ടുണ്ട്.

(3) കൃഷിക്കാർക്ക് ജപ്തി നോട്ടീസ് അയയ്ക്കുന്നത് സംബന്ധിച്ച്

ശ്രീ. ഷിബു ബേബിജോൺ : സർ, ഈ സഭയുടെ ഇരുഭാഗങ്ങളും വളരെ ഗൗരവമായി ചർച്ച ചെയ്യുകയും കണക്കിലെടുക്കുകയും ചെയ്ത ഒരു വിഷയമാണ് കാർഷിക മേഖലയിലെ ആത്മഹത്യ. കടത്തിനുള്ള മോറട്ടോറിയം ഗവൺമെന്റ് ഇവിടെ പ്രഖ്യാപിച്ചതാണ്. അതു പോര. ആ നടപടികൾക്കുപരി ആത്മഹത്യയെ ഫലപ്രദമായി ചെറുത്തു നില്ക്കുന്നില്ല എന്നു പറഞ്ഞ് പ്രതിപക്ഷം ഇവിടെനിന്നൊക്കെ ഇറങ്ങി പോകുന്നതാണ്. ഈ സഭയോടുള്ള അവഹേളനമാണ്. ഇപ്പോഴും പല സഹകരണ ബാങ്കുകളിൽനിന്നും ജപ്തി നടപടികൾക്കുള്ള നോട്ടീസ് ഇഷ്യൂ ചെയ്യുന്നുണ്ട്. ഇത് വീരണംകാവ് സർവ്വീസ് സഹകരണ ബാങ്ക് ഇന്നലെ അയച്ച ഒരു നോട്ടീസ് ആണ്. ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. കാർത്തികേയൻ മന്ത്രിയുടെ മണ്ഡലമാണ്. അദ്ദേഹം വളരെ ഗൗരവമായി ഈ കാര്യം എടുത്തിട്ടുണ്ട്. നിർഭാഗ്യവശാൽ അവിടെ ഭരിക്കുന്നത് എൽ.ഡി.എഫ് ആണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അവിടെ മാത്രമല്ല, പലേടത്തും നടക്കുന്നുണ്ട്. പല സംഘങ്ങളിലും നടക്കുന്നുണ്ട്.

ശ്രീ. ഷിബു ബേബിജോൺ: ഞാൻ ആക്ഷേപങ്ങളൊന്നും ഉന്നയിക്കുന്നില്ല. അതുകൊണ്ട് ആരാണ് ഇതിന് ഉത്തരവാദി എന്നു പറഞ്ഞാൽ, ഗവൺമെന്റ് നടപടി അട്ടിമറിക്കുന്നവർക്കെതിരെ ശക്തമായ നടപടിയെടുത്ത് ഗവൺമെന്റ് നയം നടപ്പിലാക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): ഇതുസംബന്ധിച്ച് വീരണംകാവിലെ ഒരു കൃഷിക്കാരന്റെ ഹർജി ലഭ്യമായിട്ടുണ്ട്. അതിനെക്കുറിച്ച് അന്വേഷിച്ച് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. കാർഷിക കടങ്ങൾക്ക് ജപ്തി നടപടി ഇപ്പോൾ ഇല്ല. ഒരു കൊല്ലത്തേക്ക് ഗവൺമെന്റ് മാറ്റി വച്ചിരിക്കുകയാണ്. ഒരു കൊല്ലത്തെ പലിശ കൊടുക്കുമെന്ന് ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇങ്ങനെ നോട്ടീസയച്ച് ബുദ്ധിമുട്ടിക്കുന്ന ഉത്തരവാദപ്പെട്ട സംഘങ്ങളുടെയും അതിനുത്തരവാദിയായ ആളുകളുടെയും മേൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പാറശ്ശാല മണ്ഡലത്തിലെ പൊൻവിള സർവ്വീസ് സഹകരണ സംഘത്തിൽനിന്നും ജപ്തി നടപടിക്ക് നോട്ടീസ് അയച്ചിരിക്കുകയാണ്. നടപടിയെടുക്കണം.

ശ്രീ. എം.വി. രാഘവൻ: നടപടിയെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly